LIBRARY ARCHIVES Kerala Legislative Assembly

ഗെയിംസ് ജേതാക്കൾക്ക് ജോലിയും ഭൂമിയും

196 (2296) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈയിടെ സമാപിച്ച കോമൺവെൽത്ത് ഗെയിംസിലും ഏഷ്യൻ ഗെയിംസിലും പങ്കെടുക്കുകയും മെഡലുകൾ നേടുകയും ചെയ്ത മലയാളി താരങ്ങൾ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) വിജയിച്ച കായിക താരങ്ങൾക്ക് സംസ്ഥാനത്തിനകത്ത് സർക്കാർ ജോലി നൽകുവാൻ തീരുമാനമെടുത്തിട്ടുണ്ടോ ;

(സി) ഈ കായികതാരങ്ങളിൽ ആരെങ്കിലും ഭവനനിർമ്മാണത്തിനു വേണ്ടി ഭൂമി ആവശ്യപ്പെട്ടിട്ടുണ്ടോ എങ്കിൽ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2010-ലെ കോമൺവെൽത്ത് ഗെയിംസിലും ഏഷ്യൻ ഗെയിംസിലും പങ്കെടുത്ത് മെഡൽ നേടിയ മലയാളി കായിക താരങ്ങളുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു. *

(ബി) ഇല്ല

(സി) ഇല്ല

സംസ്ഥാന സിവിൽ സർവ്വീസ് ടീമിൽ ഷൂട്ടിംഗ് ഉൾപ്പെടുത്തുവാൻ നടപടി

197 (2297) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഒളിമ്പിക്സ് ഉൾപ്പെടെയുള്ള പ്രധാന കായിക മത്സരങ്ങളിലെ ഷൂട്ടിംഗ് ഇനങ്ങളിൽ ഇന്ത്യ കൈവരിച്ച മികച്ച നേട്ടം കണക്കിലെടുത്ത് സംസ്ഥാനത്ത് സുസജ്ജമായ ഷൂട്ടിംഗ് റേഞ്ചുകൾ സ്ഥാപിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാന സിവിൽ സർവ്വീസ് ടീമിൽ ഷൂട്ടിംഗ് വിഭാഗം ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) സർവ്വീസിലുള്ളവർ അന്തർദ്ദേശീയ മത്സരങ്ങളിൽ ഷൂട്ടിംഗ് ഇനങ്ങളിൽ മികച്ച നേട്ടം കൈവരിച്ച സാഹചര്യത്തിൽ സംസ്ഥാന സിവിൽ സർവ്വീസിലും ഷൂട്ടിംഗ് ഉൾപ്പെടുത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ദേശീയ ഗെയിംസിന്റെ ഭാഗമായി വട്ടിയൂർക്കാവ് പോളിടെക്നിക്കിൽ ഷൂട്ടിംഗ് റേഞ്ച് നിർമ്മിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

ദേശീയ ഗെയിംസിനുള്ള തയ്യാറെടുപ്പുകൾ

198 (2298) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിനുള്ള വേദികൾ ഏതൊക്കെയെന്നു വ്യക്തമാക്കുമോ ; ഏതൊക്കെ ഇനങ്ങളാണ് ഗെയിംസിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ബി) ഗെയിംസിനായി എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നത് :

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര വീതമാണ് ;

(ഡി) ഗെയിംസുമായി ബന്ധപ്പെട്ടവർക്കുള്ള താമസസൗകര്യങ്ങൾ എങ്ങനെ സജ്ജമാക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) 35-ാമത് ദേശീയ ഗെയിംസിന്റെ വേദികളുടെയും ഇനങ്ങളുടേയും ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 446.16 കോടി രൂപ

(സി) 220 കോടി രൂപ കേന്ദ്ര സഹായമായി ലഭ്യമാക്കുന്നതിനു കേന്ദ്ര ഗവൺമെന്റിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 110 കോടി രൂപ കേന്ദ്രം അനുവദിക്കുകയും ആദ്യ ഗഡുവായി 55 കോടി രൂപ സർക്കാരിനു കൈമാറുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന സർക്കാർ വിഹിതമായി പദ്ധതി ഇനത്തിൽ 30.23 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 4.8 കോടി രൂപയും നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly